## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 303 — 28.10.2019 ൽ മറുപടിക്ക്

### പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ അധിക തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി പത്ത് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ എന്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടത്തിലും ടി ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ മാതൃ-ശിശുവാർഡിന്റെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ നഴ്സുമാരുടെയും നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും ശുപാർശകൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | സ്റ്റാഫുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി LSGD/NHM/RSBY/HMC എന്നീ വഴികളിലൂടെ 150-ഓളം സ്റ്റാഫുകളെ താൽക്കാലികാടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ അയി നിയമിച്ചു വരുന്നു. |
| (സി) | ഈ ആശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തതുമൂലം രോഗികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ